കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

------------------ ---------------------------------------------

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 08 ബുധൻ

------------------ ---------------------------------------------

# വേനൽ കനത്തതോടെ കുട്ടനാട്ടിലേക്ക് സഞ്ചാരികളുടെ ഒഴുക്ക്

# പുരവഞ്ചി ബുക്ക് ചെയ്യാൻ ഡി.റ്റി.പി.സി. സഹായകേന്ദ്രങ്ങൾ

ആലപ്പുഴ: വേനൽ കനത്തതോടെ കുട്ടനാട്ടിലേക്ക് സ്വദേശികളും വിദേശികളുമടങ്ങുന്ന സഞ്ചാരികളുടെ ഒഴുക്ക്. അവധിക്കാലം ആസ്വദിക്കാനും കനത്ത ചൂടിൽ കായൽപ്പരപ്പിലെ തണുപ്പ് തേടിയുമാണ് കുട്ടനാട്ടിലേക്ക് ആയിരക്കണക്കിന് സഞ്ചാരികളെത്തുന്നത്. ഇതോടെ വേമ്പനാട്ടുകായലിലെ പുരവഞ്ചികൾക്ക് കൊയ്ത്തുകാലമായി. പ്രളയത്തെത്തുടർന്നുള്ള ഇടക്കാല മാന്ദ്യത്തിന് ശേഷം ജില്ലയിലെ വിനോദ സഞ്ചാര മേഖല വീണ്ടും ഉണരുകയാണ്. സർക്കാർ അംഗീകൃത 850 പുരവഞ്ചികളും 250ന് മുകളിൽ ശിക്കാര വള്ളങ്ങളുമാണ് കുട്ടനാട്ടിൽ സഞ്ചാരികൾക്കായി ഉള്ളത്.

പുരവഞ്ചിയിൽ നിന്ന് ലഭിക്കുന്ന തനത് നാടൻ വിഭവങ്ങളോടാണ് സ്വദേശികളും വിദേശികളുമായ സഞ്ചാരികൾക്ക് ഏറെ പ്രിയം. കായലിൽ നിന്ന് പിടിക്കുന്ന കരിമീൻ, കൊഞ്ചുൾപ്പടെയുള്ള മത്സ്യവിഭവങ്ങൾ, കപ്പ, കോഴിയിറച്ചി എന്നു വേണ്ട നാവിൽ രുചിയൂറുന്ന വിഭവങ്ങളാണ് സഞ്ചാരികളെ കാത്തിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളും സമയവും അനുസരിച്ചാണ് പുരവഞ്ചികളുടെ വാടക. പകൽയാത്രയ്ക്ക് 4500 രൂപ മുതലും രാത്രിയും പകലുമുള്ള യാത്രയ്ക്ക് 5500 രൂപ മുതലുമാണ് പുരവഞ്ചികളുടെ നിരക്ക്.

ഒരുവട്ടം പുരവഞ്ചിയിൽ കയറിയ സഞ്ചാരികളെല്ലാം വീണ്ടും ഈ കായൽ അനുഭവം തേടിയെത്തുമെന്നതാണ് കുട്ടനാടിന് തുണയാകുന്നത്. കായൽ വിനോദ സഞ്ചാരത്തിന്റെ കാര്യത്തിൽ കുട്ടനാട് തന്നെയാണ് സഞ്ചാരികൾക്ക് പ്രിയം. വിദേശികളോടൊപ്പം ആഭ്യന്തര സഞ്ചാരികളും ഇവിടേക്ക് കൂടുതലായെത്തുന്നുണ്ടെന്ന് ഡി.റ്റി.പി.സി. സെക്രട്ടറി എം. മാലിൻ പറഞ്ഞു.

വരും ദിവസങ്ങളിൽ സഞ്ചാരികളുടെ കൂടുതൽ ഒഴുക്കുണ്ടാകുമെന്നാണ് പ്രതീക്ഷ. ആന്ധ്ര, തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നും ധാരാളം പേരെത്തുന്നുണ്ട്. കൂടാതെ കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നിന്നും കുടുംബങ്ങളുമായി സ്കൂൾ അവധിക്കാലം ആസ്വദിക്കാൻ എത്തുന്നതും ടൂറിസം മേഖലയ്ക്ക് ഉണർവേകുന്നു.

ഈസ്റ്റർ കഴിഞ്ഞതോടെ വിദേശത്ത് നിന്നുള്ള സഞ്ചാരികളുമായി കൊച്ചിയിൽ

എത്തുന്ന സംഘങ്ങളിൽ നിന്നുള്ളവരും കായൽ സൗന്ദര്യം നുകരാനായി കുട്ടനാട്ടിൽ എത്തുന്നുണ്ട്. പൊതുവെ എറണാകുളത്ത് ഭൂരിഭാഗം യാത്രക്കാരും ഇറങ്ങി ആലപ്പുഴ വരെ ഏതാണ്ട് കാലിയായി യാത്രനടത്തുന്ന ചെന്നൈ- ആലപ്പുഴ ട്രയിൻ ഇപ്പോൾ നിറയെ യാത്രക്കാരുമായാണ് ആലപ്പുഴയ്ക്ക് എത്തുന്നത്.

കഴിഞ്ഞ വർഷത്തെ പ്രളയത്തിനുശേഷം നവംബറോടെയാണ് കൂടുതൽ വിനോദ സഞ്ചാരികൾ ഇവിടേക്ക് എത്താൻ തുടങ്ങിയത്. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ 25,000ന് മുകളിൽ വിദേശികളും 70,000ത്തോളം ആഭ്യന്തര വിനോദ സഞ്ചാരികളും കായൽ സൗന്ദര്യം ആസ്വദിക്കാനായി ആലപ്പുഴയിലെത്തി. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വൻ വർധനയാണുള്ളത്. അവധിക്കാലം ചെലവഴിക്കാൻ കുടുംബസമേതം എത്തുന്നതിനാൽ കൂടുതൽ മുറികളുള്ള പുരവഞ്ചികളോടാണ് ആഭ്യന്തര സഞ്ചാരികൾക്ക് പ്രിയം.

പകൽ യാത്രയാണ് ഭൂരിഭാഗവും തിരഞ്ഞെടുക്കുന്നത്. വിദേശികളും മറ്റ് സംസ്ഥാന യാത്രികരും രാത്രികാല യാത്രകൂടി ഉൾപ്പെടുന്ന പാക്കേജാണ് ഏറെ ഇഷ്ടപ്പെടുന്നത്. പുന്നമട, ഫിനിഷിംഗ് പോയിന്റ്, പള്ളാത്തുരുത്തി എന്നിവിടങ്ങളിൽ നിന്നാണ് പുരവഞ്ചികളിടെ സവാരി ആരംഭിക്കുന്നത്.

ചെറുകിട വള്ളങ്ങളിലും മോട്ടോർ ബോട്ടുകളിൽ യാത്ര നടത്തുന്നവരും കുറവല്ല. പുരവഞ്ചികൾ തേടിയെത്തുന്നവർക്ക് ഏജന്റുമാരുടെ പിടിയിൽപ്പെടാതെ മിതമായ നിരക്കിൽ ഹൗസ് ബോട്ട് സവാരി ഉറപ്പാക്കുന്നതിനായി ബോട്ട് ജെട്ടിയിലെ ഡി.റ്റി.പി.സി ഓഫീസിലും പുന്നമടയിലെ ഡിടിപിസി പ്രീപെയ്ഡ് കൗണ്ടർ വഴിയും പുരവഞ്ചികൾ ബുക്ക് ചെയ്യാം. ഡി.റ്റി.പി.സി.യുടെ സഹായ കേന്ദ്രങ്ങൾ വഴി യാത്ര ചെയ്യുന്നവർക്ക് സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുള്ള പുരവഞ്ചികളാണ് അനുവദിക്കുന്നത്. പുരവഞ്ചികൾ ബുക്ക് ചെയ്യുന്നതിനായി ഡി.റ്റി.പി.സി.യുടെ 0477 2251796, 0477 2238170, 9400051796 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## യന്ത്രവത്കൃത ബോട്ടുകൾ വാടകയ്ക്കെടുക്കുന്നു

ആലപ്പുഴ: ഈവർഷത്തെ ട്രോളിങ് നിരോധന കാലയളവിലെ കടൽ പെട്രോളിങ്ങിനും കടൽ രക്ഷ പ്രവർത്തനങ്ങൾക്കുമായി ജൂൺ ഒമ്പതിന് അർദ്ധരാത്രിമുതൽ ജൂലൈ 31 വരെ ( സർക്കാർ നിശ്ചയിക്കുന്ന കാലയളവ് വരെ) രണ്ട് യന്ത്രവത്കൃത ബോട്ടുകൾ വാടകയ്ക്കെടുക്കുന്നു. താൽപ്പര്യമുള്ള ബോട്ടുടമകൾക്ക് ക്വട്ടേഷൻ നൽകാം. ക്വട്ടേഷൻ നൽകേണ്ട അവസാന തീയതി മെയ് 25ന് ഉച്ചയ്ക്ക് ശേഷം രണ്ട്. കൂടുതൽ വിവരങ്ങൾക്ക് ആലപ്പുഴ ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടറുമായി ബന്ധപ്പെടണം. ഫോൺ : 04772251103.

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ്: പരീക്ഷ പരിശീലനം

ആലപ്പുഴ: ഉടൻ നടക്കാനിരിക്കുന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി മെയ് 14 മുതൽ 30 ദിവസത്തെ പരിശീലന ക്ലാസ് ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു. താൽപര്യമുള്ള ഡിഗ്രി യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ മെയ് 13 നകം ഈ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 0477 -2230622, 7025913699, 9656421872.

# ശുചീകരണത്തിൽ പ്ലാസ്റ്റിക്ക് മാലിന്യം നീക്കാൻ മുൻഗണന നൽകണം: ജില്ല കളക്ടർ

ആലപ്പുഴ: മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 11,12 തീയതികളിൽ നടക്കുന്ന സംസ്ഥാനതല ശുചീകരണത്തിൽ ജില്ലയിൽ പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതിന് മുൻതൂക്കം നൽകണമെന്ന് ജില്ല കളക്ടർ എസ്. സുഹാസ്. ജൂൺ ആദ്യവാരം സ്കൂളുകൾ തുറക്കാനിരിക്കെ അവയുടെ പരിസരവും ശുചീകരണ യജ്ഞത്തിൽ വൃത്തിയാക്കുന്നതിന് പ്രത്യേക പരിഗണന നൽകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഇതേക്കുറിച്ച് ആലോചിക്കാൻ ചേർന്ന ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുന്നതിനാവശ്യമായ മുൻകരുതലുകൾ ശക്തമാക്കാൻ യോഗത്തിൽ തീരുമാനമായി. ഇതിനായി എല്ലാ വെള്ളിയാഴ്ചകളിലും ഡ്രൈഡേ ആചരണം നടത്തും. പഞ്ചായത്തുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ജില്ല മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി.

പ്ലാസ്റ്റിക്ക് മാലിന്യം ഏറ്റെടുക്കാൻ നിലവിൽ കമ്പനികൾ തയ്യാറായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് തന്നെ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൈവ- ഭക്ഷണ മാലിന്യങ്ങൾ വാങ്ങാനും ഇന്ന് ധാരാളം സ്ഥാപങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. പഞ്ചായത്തുകൾ ജൈവ- ഭക്ഷണ മാലിന്യ ശേഖരണം നടത്തുമ്പോൾ മാലിന്യം വാങ്ങുന്നവരെക്കൂടി ഉറപ്പാക്കാൻ ശ്രദ്ധിക്കണമെന്ന് കളക്ടർ പറഞ്ഞു.

വിവിധ വകുപ്പുകൾ അവരവരുടെ ഫീൽഡ് ജീവനക്കാർ വഴി ശുചീകരണവും ബോധവൽക്കരണവും മറ്റും താഴേത്തട്ടിലെത്തിക്കണം. കർഷകരിൽ ബോധവത്ക്കരണം നടത്തുന്നതിനൊപ്പം കമ്പോസ്റ്റ് കുഴികളുടെ പ്രത്യേകത അവരെ ബോധ്യപ്പെടുത്തണം. കൃഷി വകുപ്പ് മഴക്കാല പൂർവ്വ ശുചീകരണത്തിനായി തയ്യാറാക്കുന്ന കർമ്മ പദ്ധതി റിപ്പോർട്ട് പ്രിൻസിപ്പൾ കൃഷി ഓഫീസർ ഇന്ന് തനിക്ക് ലഭ്യമാക്കണമെന്നും കളക്ടർ നിർദ്ദേശിച്ചു. സാമൂഹ്യനീതി, മൃഗ സംരക്ഷണം, ഇറിഗേഷൻ, ജല വിഭവം, തൊഴിൽ വകുപ്പുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതികൾ വഴി നടപ്പാക്കേണ്ട പ്രവർത്തികളും യോഗത്തിൽ വിശദീകരിച്ചു. വിവിധ വകുപ്പ് പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.